2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച
സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും
സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

സെപ്റ്റംബർ 30-ാം തീയതി സമർപ്പിച്ചത്

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച
സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും
സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

ഉള്ളടക്കം

		പേജ്
1. സമിതിയുടെ ഘടന	..	v
2. റിപ്പോർട്ട്	..	1
3. അനുബന്ധം :		
I. വിയോജനക്കുറിപ്പ്	..	3
II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ	..	7

സബ്ജക്ട് കമ്മിറ്റി IX
(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)
(2023-2026)

ഘടന

<u>ചെയർപേഴ്സൺ</u> :

ശ്രീ. എം. ബി. രാജേഷ്,
തദ്ദേശസ്വയംഭരണ എക്സൈസ് പാർലമെന്ററികാര്യ വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗങ്ങൾ</u>:

ശ്രീ. കെ. രാജൻ,
റവന്യൂ, ഭവനനിർമ്മാണ വകുപ്പുമന്ത്രി.

ശ്രീ. വി. അബ്ദുറഹിമാൻ,
ന്യൂനപക്ഷ ക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., അഡീഷണൽ സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കായി അയച്ച 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ (ബിൽ നമ്പർ 275), സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ 2025 സെപ്റ്റംബർ 18-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2025 സെപ്റ്റംബർ 29-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസംതന്നെ തദ്ദേശ സ്വയം ഭരണവും ഗ്രാമവികസനം ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2025 സെപ്റ്റംബർ 29-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 9</u>

ഉപഖണ്ഡം (1)(ബി)-ൽ “(3)-ാം" എന്ന അക്കത്തിനും ചിഹ്നങ്ങൾക്കും പകരം "മൂന്നാം" എന്ന വാക്ക് ചേർക്കുക.

4. മറ്റു ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

എം. ബി. രാജേഷ്,

ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി IX.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 30.

അനുബന്ധം - I

വിയോജനക്കുറിപ്പ്

പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ജനസംഖ്യ തുല്യമായി വരുന്ന മുനിസിപ്പൽ പ്രദേശങ്ങളിൽ മുനിസിപ്പൽ കൗൺസിലിലേക്ക് ഏത് വിഭാഗത്തിന് സംവരണം നൽകണമെന്ന് തീരുമാനിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ വ്യക്തത വരുത്തുന്നതിനും, ചെയർപേഴ്സന്റെ അധികാരങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകളിൽ അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കൽ, മാലിന്യ സംസ്കരണം, നഗരസഭയുടെ മാസ്റ്റർ പ്ലാൻ നടപ്പാക്കൽ എന്നിവ കൂടി ഉൾപ്പെടുത്തുന്നതിനും, സെക്രട്ടറിയിൽ നിക്ഷിപ്തമായ ചില ചുമതലകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും, സാമ്പത്തിക ചുമതലകളിൽ ചെയർപേഴ്സന്റെ അനുമതിയോടെ ചെലവഴിക്കാൻ കഴിയുന്ന തുക 25,000-ത്തിൽ നിന്ന് രണ്ട് ലക്ഷമായി ഉയർത്തുന്നതിനും, മുനിസിപ്പാലിറ്റിയുടെ ഭരണത്തെക്കുറിച്ചും മുനിസിപ്പാലിറ്റി നടത്തുന്ന പദ്ധതികളെയും പ്രവൃത്തികളെയും സംബന്ധിച്ചും വിലയിരുത്തുന്ന ആനുകാലിക പെർഫോമൻസ് ആഡിറ്റ് സംവിധാനം നിർത്തലാക്കി പകരം ആഭ്യന്തര വിജിലൻസും മോണിറ്ററിങ് സംവിധാനവും, സോഷ്യൽ ഓഡിറ്റും ഏർപ്പെടുത്തുന്നതിനും, മുനിസിപ്പൽ കൗൺസിലുകളിൽ സ്റ്റാൻഡിങ് കമ്മിറ്റിക്ക് ഭരണാനുമതി നൽകുവാൻ കഴിയുന്ന പദ്ധതിയുടെ പരമാവധി തുക അമ്പതിനായിരത്തിൽ നിന്നും മൂന്ന് ലക്ഷമായും, മുൻസിപ്പൽ കോർപ്പറേഷനുകളിൽ ഒരു ലക്ഷത്തിൽ നിന്ന് അഞ്ച് ലക്ഷമായും ഉയർത്തുന്നതിനും, അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പൂർണ്ണസംഖ്യയിൽ തന്നെ നിർണയിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നതിനും, പൊതുസ്ഥലങ്ങളിൽ കമാനങ്ങൾ, ബോർഡുകൾ, ഡിജിറ്റൽ ബാനറുകൾ ഉൾപ്പെടെയുള്ളവ സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയിൽ നിശ്ചിത ഫീസ് അടച്ച് രേഖാമൂലമുള്ള അനുമതി വാങ്ങണം എന്ന് വ്യവസ്ഥ ചെയ്യുന്നതിനും, മുനിസിപ്പൽ പ്രദേശത്തെ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നതിന് ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച വ്യവസ്ഥയിൽ ഭേദഗതി വരുത്തുന്നതിനും ഉൾപ്പെടെയുള്ള കാര്യങ്ങൾക്കാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

ഏതെങ്കിലും ഒരു മുനിസിപ്പൽ പ്രദേശത്ത് പട്ടികജാതിക്കാരുടെയോ പട്ടികവർഗ്ഗ ക്കാരുടെയോ ജനസംഖ്യ തുല്യമായി വന്നാൽ ഏതു വിഭാഗത്തിന് വാർഡ് സംവരണം ചെയ്യണമെന്ന കാര്യത്തിൽ നിലവിലെ നിയമത്തിൽ വ്യക്തമായ വ്യവസ്ഥ ഉണ്ടായിരുന്നില്ല. നിലവിലെ ഭേദഗതി പ്രകാരം പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗ ക്കാരുടെയും ജനസംഖ്യ തുല്യമായി വരുന്നപക്ഷം സംവരണം ഏത് വിഭാഗത്തിനാണ് ആദ്യതവണ നൽകേണ്ടത് എന്ന് നറുക്കെടുപ്പിലൂടെ തീരുമാനിക്കേണ്ടതും തുടർന്ന് വരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ

വിഭാഗത്തിനോ സംവരണം നൽകേണ്ടതുമാണ് എന്ന വ്യവസ്ഥയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനെ സ്വാഗതം ചെയ്യുന്നു. എന്നാൽ സംവരണ ക്രമം നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കുവാൻ ആധികാരികമായ സെൻസസ് ഡാറ്റ നിലവിലില്ല എന്ന വളരെ പ്രസക്തമായ ഒരു പ്രശ്നം നിലനിൽക്കുന്നുണ്ട്.

ബില്ലിലെ വകുപ്പ് ഒൻപതിൽ, മുനിസിപ്പൽ പ്രദേശത്തെ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് വിട്ട് നൽകുന്നതിന് ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് പ്രധാന ആക്ടിലെ സെക്ഷൻ 447(1) (ബി)-ൽ, വരുത്തിയിട്ടുള്ള ഭേദഗതി ഭരണഘടനയുടെ അനുച്ഛേദം 243(X)(a)-ന്റെ അന്തസത്തയ്ക്ക് വിരുദ്ധമായി കാണുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ തത്വങ്ങൾക്ക് വിരുദ്ധമായി അധികാരങ്ങൾ സർക്കാരിലേക്ക് കേന്ദ്രീകരിക്കുന്ന സമീപനം ഈ വ്യവസ്ഥയിൽ ഉൾക്കൊള്ളുന്നു. സർക്കാർ നിർണയിക്കുന്ന നിരക്കിന് വിധേയമായി മുനിസിപ്പാലിറ്റി നിശ്ചയിക്കുന്ന നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള സ്വാതന്ത്ര്യം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും തിരിച്ചെടുക്കുകയാണ്. ഇത് അധികാര വികേന്ദ്രീകരണത്തിന്റെ തത്വങ്ങൾക്ക് വിരുദ്ധവും അനുച്ഛേദം 243 X(a) പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന അധികാരത്തെ പരിമിതപ്പെടുത്തുന്നതുമാണ്.

പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികളിലെയും പ്രവൃത്തികളിലെയും ക്രമക്കേടുകൾ തടയുന്നതും, ന്യൂനതകൾ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥരെ ബാധ്യസ്ഥരാക്കുന്നതുമായ പെർഫോമൻസ് ആഡിറ്റ് സംവിധാനം അവസാനിപ്പിക്കുന്നതിനുള്ള വ്യവസ്ഥ അഴിമതിയെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ്. പെർഫോമൻസ് ആഡിറ്റ് സംവിധാനത്തിനു പകരം ആഭ്യന്തര വിജിലൻസ് മോണിറ്ററിംഗ് സംവിധാനം കൊണ്ടുവരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളിൽ വലിയ ക്രമക്കേടുകൾക്ക് കാരണമാകുന്നതാണ്. പദ്ധതികളുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത് മുതൽ കരാറുകൾ നൽകുന്നതുൾപ്പെടെ എല്ലാ ഘട്ടങ്ങളിലും സ്വജനപക്ഷപാതവും അഴിമതിയും നടത്തുവാൻ വലിയ സാധ്യത നൽകുന്ന തീരുമാനമാണിത്.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുന്ന വികസനപരവും ജനക്ഷേമപരവുമായ ചുമതലകളും ആ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുള്ള സാമ്പത്തികമായ അധികാരങ്ങളും ബന്ധപ്പെട്ട നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുകയും പാകപ്പിഴ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം നിർദ്ദേശം നൽകുന്നതിനും ഉദ്ദേശിച്ച് കൊണ്ടുള്ള ഭരണനിർവഹണ പരിശോധന സംവിധാനമാണ് പെർഫോമൻസ് ഓഡിറ്റ്.

സ്റ്റേറ്റ് ഓഡിറ്റ് സംവിധാനം പ്രധാനമായും ഫണ്ട് വിനിയോഗത്തിലെ ഫിനാൻഷ്യൽ പ്രൊപ്രൈറ്റി പരിശോധിക്കുമ്പോൾ പെർഫോമൻസ് ഓഡിറ്റ് പരിശോധിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പഞ്ചായത്ത്‌രാജ് എന്ന ആശയത്തോടും പദ്ധതിലക്ഷ്യങ്ങളോടും എത്രമാത്രം നീതി പുലർത്തുന്നു എന്നാണ്. പദ്ധതി നിർവഹണത്തിന് ശേഷം ഓഡിറ്റ് നടത്തി അപാകതകൾ കണ്ടെത്തുമ്പോൾ ആയത് ഗുണകരമല്ലാതാവുകയും കാലാകാലങ്ങളിൽ ഉണ്ടായ തെറ്റുകുറ്റങ്ങൾ പരിഹരിക്കപ്പെടാതെ പോകുന്ന അവസ്ഥ സംജാതമാവുകയും ചെയ്യുന്നതാണ്. അത് പദ്ധതി നിർവഹണത്തെ സാരമായി ബാധിക്കുന്നതാണ്. കൂടാതെ പദ്ധതി നിർവഹണം നടത്തുന്ന ഡിപ്പാർട്ട്മെന്റ് അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ അത്തരം ഓഡിറ്റുകൾ നടത്തുന്നത് അഴിമതിക്കും സ്വജനപക്ഷപാതത്തിനും കാരണമാകുന്നതുമാണ്. ആയതിനാൽ പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കാനുള്ള വ്യവസ്ഥയോട് യോജിക്കാൻ സാധിക്കില്ല.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ബില്ലിലെ വ്യവസ്ഥകളോട് വിയോജിക്കുന്നു.

റോജി എം. ജോൺ	(ഒപ്പ്)
പി. ഉബൈദുള്ള	(ഒപ്പ്)
ടി. ജെ. വിനോദ്	(ഒപ്പ്)

അനുബന്ധം II

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതിയെ സൂചിപ്പിക്കുന്നു.]

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 6-ാം വകുപ്പ് (5)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "ചെയ്യേണ്ടതാണ്" എന്ന വാക്കിനുപകരം "ചെയ്യേണ്ടതും പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ജനസംഖ്യ തുല്യമായി വരുന്നപക്ഷം സംവരണം ഏത് വിഭാഗത്തിനാണ് എന്നുള്ളത് ആദ്യ തവണ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതും തുടർന്നുവരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി, അതത് സംഗതിപോലെ, പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ വിഭാഗത്തിനോ ആയി നിശ്ചയിക്കേണ്ടതുമാണ്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

3. 15-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ,—

(i) (3)-ാം ഉപവകുപ്പിൽ, (ഇ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇഎ) നഗരസഭയുടെ മാസ്റ്റർ പ്ലാൻ നടപ്പാക്കൽ, നഗര അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കൽ, മാലിന്യസംസ്കരണം മുതലായ കാര്യങ്ങൾക്കായുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുവെന്ന് ഉറപ്പ് വരുത്തിക്കുകയും ;";

(ii) (4)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിലെ (ബി) ഖണ്ഡത്തിൽ, "അടുത്ത യോഗത്തിൽ" എന്ന വാക്കുകൾക്കുപകരം "തൊട്ടടുത്ത സാധാരണ യോഗത്തിൽ ചെയർപേഴ്സൺ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 50-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 50-ാം വകുപ്പിൽ,—

(i) (4)-ാം ഉപവകുപ്പിൽ, "25,000" എന്ന അക്കത്തിനും ചിഹ്നത്തിനും പകരം "2,00,000" എന്ന അക്കവും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ii) (7)-ാം ഉപവകുപ്പിൽ, "പെർഫോമൻസ് ആഡിറ്റ്" എന്ന വാക്കുകൾക്ക് പകരം "ആഭ്യന്തര വിജിലൻസ് ആന്റ് മോണിറ്ററിംഗ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 56-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 56-ാം വകുപ്പിൽ,—

(i) (5)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) മുനിസിപ്പൽ ഭരണത്തേയോ, മുനിസിപ്പാലിറ്റി നടത്തിയതോ നടത്തുന്നതോ ആയ വർക്കുകളേയും പദ്ധതികളേയും സംബന്ധിച്ചോ ഉള്ള രേഖകളും മറ്റും പരിശോധിക്കുന്നതിനും ഒരു മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായ വികസനപരവും ജനക്ഷേമപരവുമായ ചുമതലകളെ ആ മുനിസിപ്പാലിറ്റിയെ ഭരമേൽപ്പിച്ച, സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങളും, നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം അതിന് നിർദ്ദേശങ്ങൾ നൽകുന്നതിനും, സർക്കാരിന്, നിർണ്ണയിക്കപ്പെട്ട രീതിയിൽ, ആഭ്യന്തര വിജിലൻസും മോണിറ്ററിംഗും സംവിധാനം ഏർപ്പാട് ചെയ്യാവുന്നതാണ്." ;

(ii) അപ്രകാരം പകരം ചേർക്കപ്പെട്ട (5)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ സർക്കാരിന് ഏർപ്പാട് ചെയ്യാവുന്നതാണ്.".

6. 217-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 217-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ,—

(i) (ബി) ഖണ്ഡത്തിൽ,—

(എ) (i)-ാം ഇനത്തിൽ "അമ്പതിനായിരം" എന്ന വാക്കിനുപകരം "മൂന്ന് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) (ii)-ാം ഇനത്തിൽ "അമ്പതിനായിരം" എന്ന വാക്കിനുപകരം "മൂന്ന് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (സി) ഖണ്ഡത്തിൽ,—

(എ) (i)-ാം ഇനത്തിൽ "ഒരു ലക്ഷം" എന്ന വാക്കുകൾക്ക് പകരം "അഞ്ച് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (ii)-ാം ഇനത്തിൽ "ഒരു ലക്ഷം " എന്ന വാക്കുകൾക്ക് പകരം "അഞ്ച് ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 233-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 233-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ "(പൂർണ്ണസംഖ്യയിൽ)" എന്ന ബ്രാക്കറ്റും വാക്കും വിട്ടുകളയേണ്ടതാണ്.

8. 369 -ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 369-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"369. പൊതുതെരുവിൽ തടസ്സമുണ്ടാക്കുന്ന എടുപ്പുകളും ആബദ്ധവസ്തുക്കളും തടയൽ.—(1) യാതൊരാളും ഏതെങ്കിലും പൊതുതെരുവിന്റെയോ കിണറിന്റെയോ കുളത്തിന്റെയോ ചാലിന്റെയോ അഴുക്കുചാലിന്റെയോ ഏതെങ്കിലും ഭാഗം കൈയേറുന്ന വിധത്തിൽ ഏതെങ്കിലും ഭിത്തിയോ വേലിയോ കൈവരിയോ തൂണോ പടിയോ എടുപ്പുകളോ നിർമ്മിക്കുകയോ ആബദ്ധവസ്തുക്കൾ സ്ഥാപിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള പൊതുതെരുവിന്റെയോ കിണറിന്റെയോ കുളത്തിന്റെയോ ചാലിന്റെയോ അഴുക്കുചാലിന്റെയോ ഏതെങ്കിലും ഭാഗം കൈവശം വയ്ക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) ഏതൊരാളും ഏതെങ്കിലും പൊതുസ്ഥലത്തോ പൊതുനിരത്തിലോ അവയ്ക്ക് മുകളിലോ അല്ലെങ്കിൽ ഏതെങ്കിലും തുറന്നചാലിനോ കിണറിനോ കുളത്തിനോ ഏതെങ്കിലും തെരുവിനോ അവയ്ക്ക് മീതെയോ ഏതെങ്കിലും കമാനങ്ങളോ ബോർഡുകളോ ഹോർഡിംഗുകളോ ബാനറുകളോ ഡിജിറ്റൽ ബാനറുകളോ കൊടികളോ കൊടിമരങ്ങളോ തോരണങ്ങളോ സ്ഥാപിക്കുകയോ കെട്ടുകയോ ചെയ്യുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള ഫീസ് ഒടുക്കി സെക്രട്ടറിയിൽ നിന്നും രേഖാമൂലമുള്ള അനുമതി വാങ്ങേണ്ടതാണ് :

എന്നാൽ, 1999-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിലെയും (2000-ലെ 6), 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിലെയും (2007-ലെ 8) വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം സെക്രട്ടറി അപ്രകാരമുള്ള അനുമതി നൽകേണ്ടത്.

9. 447-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 447-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ,—

(എ) (i)-ാം ഇനത്തിൽ "നിർണ്ണയിക്കാവുന്ന നിരക്കിലോ പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനപ്രകാരം, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള നിരക്കിലോ," എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "നിർണ്ണയിക്കുന്ന" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) മൂന്നാം ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്;

(ii) (2)-ാം ഉപവകുപ്പിൽ "അങ്ങനെയുള്ള വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണം മുതൽ 30 ദിവസത്തിനുള്ളിൽ" എന്ന വാക്കുകളും അക്കവും വിട്ടുകളയേണ്ടതാണ്.

10. 448-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 448-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ "നൽകുന്നതിനോ നിരസിക്കുന്നതിനോ" എന്ന വാക്കുകൾക്ക് പകരം "നൽകുന്നതിന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

11. 449-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 449-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ "സെക്രട്ടറിക്ക്" എന്ന വാക്കിനുപകരം "സെക്രട്ടറി" എന്ന വാക്കും, "തേടാവുന്നതും" എന്ന വാക്കിനുപകരം "തേടേണ്ടതും" എന്ന വാക്കും ചേർക്കേണ്ടതാണ്.

(ii) (3)-ാം ഉപവകുപ്പിൽ "അപ്രകാരമുള്ള" എന്ന വാക്കിനുപകരം "(2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിച്ച ശേഷം (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിക്കപ്പെട്ട ഒരു" എന്ന ബ്രാക്കറ്റുകളും അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2025 സെപ്റ്റംബർ 29.

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.